LIBRARY ARCHIVES Kerala Legislative Assembly

ഗ്രാമപഞ്ചായത്തുകളിലെ കമ്പ്യൂട്ടർവൽക്കരണം

293 (1767) ശ്രീ. സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാമപഞ്ചായത്തുകളുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ ;

(ബി) സമ്പൂർണ്ണ കമ്പ്യൂട്ടർവൽക്കരണം നടപ്പിലാക്കിയ ഏതു പഞ്ചായത്തുകളുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) കെട്ടിട നികുതി പിരിവ് കമ്പ്യൂട്ടർവൽക്കരിച്ച ഏതു പഞ്ചായത്തുകളുണ്ടെന്ന് വ്യക്തമാക്കുമോ ;

(ഡി) പെർഫോമൻസ് ഓഡിറ്റ് സംവിധാനത്തിൽ എന്തെങ്കിലും മാറ്റം കൊണ്ടുവരുവാൻ ഉദ്ദേശിക്കുന്നുണ്ടോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഇൻഫർമേഷൻ കേരള മിഷൻ ഡെവലപ്പ് ചെയ്ത പ്രധാനപ്പെട്ട സോഫ്റ്റ്വെയർ എല്ലാം എല്ലാ പഞ്ചായത്തിലും വിന്യസിച്ചിട്ടുണ്ട്.

(സി) എല്ലാ പഞ്ചായത്തുകളിലും സഞ്ചയ സോഫ്റ്റ്വെയർ വഴിയാണ് കെട്ടിട നികുതി പിരിവു നടക്കുന്നത്.

(ഡി) പഞ്ചായത്തുകളുടെ പ്രവർത്തനം സംബന്ധിച്ച അവലോകനത്തിന്റെ അടിസ്ഥാനത്തിൽ എന്തെങ്കിലും മാറ്റം വേണമെങ്കിൽ തീരുമാനിക്കാവുന്നതാണ്.

പഞ്ചായത്തംഗങ്ങൾക്ക് ഓണറേറിയം

294 (1768) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഏതു പഞ്ചായത്തുകളാണ് നിലവിലുള്ളത്; പ്രസിഡന്റ്, വൈസ് പ്രസിഡന്റ്, സ്റ്റാന്റിംഗ് കമ്മിറ്റിയംഗങ്ങൾ എന്നിവരടക്കമുള്ള പഞ്ചായത്തംഗങ്ങൾക്ക് എത്ര രൂപയാണ് പ്രതിമാസം ഓണറേറിയമായി ലഭിക്കുന്നത്;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഓണറേറിയം തുക വർദ്ധിപ്പിച്ചിട്ടുണ്ടോ; എങ്കിൽ എത്ര രൂപ വർദ്ധിപ്പിച്ചു; എന്നു മുതൽ ഇത് ലഭിക്കുന്നു;

(സി) മുൻ പഞ്ചായത്തംഗങ്ങൾക്ക് പെൻഷൻ നൽകാൻ തീരുമാനിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഇതു നൽകാൻ നടപടി സ്വീകരിക്കുമോ;

(ഡി) അശരണരായും അസുഖബാധിതരായും ചികിത്സയ്ക്ക് മാർഗ്ഗമില്ലാതെ കഷ്ടപ്പെടുന്ന മുൻ പഞ്ചായത്തംഗങ്ങൾക്ക് ചികിത്സാ സഹായധനം എത്തിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് നിലവിൽ 941 ഗ്രാമപഞ്ചായത്തുകളും 152 ബ്ലോക്ക് പഞ്ചായത്തുകളും 14 ജില്ലാ പഞ്ചായത്തുകളുമാണുള്ളത്.

അംഗങ്ങൾ	പ്രതിമാസ ഓണറേറിയം		
	ഗ്രാമപഞ്ചായത്ത്	ബ്ലോക്ക് പഞ്ചായത്ത്	ജില്ലാ പഞ്ചായത്ത്
പ്രസിഡന്റ്	6600	7300	7900
വൈസ് പ്രസിഡന്റ്	5300	6000	6600
സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ	4100	4400	4700
അംഗങ്ങൾ	3500	3800	4400

(ബി) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ജനപ്രതിനിധികളുടെ ഓണറേറിയം ഇക 2 തവണ വർദ്ധിപ്പിച്ചിട്ടുണ്ട്. 20-10-2011-ലെ സ.ഉ.(അച്ചടി) നമ്പർ 260/2011/തസ്വഭവ പ്രകാരം 1-4-2011 മുതൽ പ്രാബല്യത്തോടെ 1000 രൂപയും 4-9-2013-ലെ ജി.ഒ.(അച്ചടി) നമ്പർ 292/2013/തസ്വഭവ പ്രകാരം 1-4-2013 മുതൽ പ്രാബല്യത്തോടെ 1000 രൂപയും വർദ്ധിപ്പിച്ചിട്ടുണ്ട്.

(സി) തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികൾക്ക് പെൻഷൻ ആനുകൂല്യങ്ങൾ അനുവദിക്കുന്ന കാര്യം സർക്കാർ പരിശോധിച്ചുവരുന്നു.

(ഡി) കേരള സാമൂഹ്യസുരക്ഷാ മിഷന് പ്രവർത്തന ഫണ്ട് സ്വരൂപിക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും എല്ലാ സാമ്പത്തികവർഷവും സംഭാവന നൽകുന്നതിന് യഥേഷ്ടാനുമതി നൽകി പുറപ്പെടുവിച്ച 6-5-2013-ലെ ജി.ഒ.(ആർ.റ്റി) 1209/2013/തസ്വഭവ പ്രകാരം ഇക കോൺട്രിബ്യൂട്ട് ചെയ്യുന്ന പഞ്ചായത്തുകളിലെ മുൻ അംഗങ്ങളെ സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയിൽ ഉൾപ്പെടുത്തി ഉത്തരവായിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly